(Pages : 4)

**U – 2241**

Reg. No. : ..............................

Name : ..................................

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

## Fifth Semester B.A. Degree Examination, December 2024

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course VIII

## ML 1543 : വിവർത്തനം : സിദ്ധാന്തവും പ്രയോഗവും

## (2021 Admission Onwards)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക :

1. സാഹിത്യത്തിലുള്ളത് സ്റ്റേറ്റ്മെന്റല്ല സ്യൂഡോസ്റ്റേറ്റ്മെന്റാണ് എന്ന് പറഞ്ഞതാര്?

2. വിവർത്തനത്തെ സംബന്ധിക്കുന്ന ഏറ്റവും പുരാതനമായ ചരിത്രരേഖയേത്?

3. മലയാളഭാഷയിൽ ഏറ്റവുമധികം പരിഭാഷകളുണ്ടായിട്ടുള്ള സംസ്കൃതനാടകമേത്?

4. സ്രോതഭാഷയിലെ പദങ്ങൾ കേൾക്കുന്ന ഉച്ചാരണമനുസരിച്ച് ലക്ഷ്യഭാഷയിൽ എഴുതുന്നതാണ്.

5. 'വിവർത്തനത്തിന്റെ ഭാഷാശാസ്ത്രസിദ്ധാന്തം' രചിച്ചതാര്?

6. മൂലാനുസാരിത്വം എന്ന സിദ്ധാന്തം രൂപപ്പെടുത്തിയതാര്?

7. സുഗതകുമാരിയുടെ രാത്രിമഴ എന്ന കവിത ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതാര്?

P.T.O.

8. "Green Revolution" തത്തുല്യമായ മലയാളശൈലിയേത്?

9. റുബായിയാത്ത് മദിരോത്സവം എന്ന പേരിൽ വിവർത്തനം ചെയ്തതാര്?

10. 'വിവർത്തനവിചാരം' ആരുടെ കൃതിയാണ്?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ എട്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

11. സ്രോതഭാഷ - ലക്ഷ്യഭാഷ - വിശദീകരിക്കുക.

12. വിവർത്തനത്തെ സംബന്ധിക്കുന്ന സാർവലൗകിക തത്ത്വങ്ങൾ എന്തെല്ലാം?

13. വിവർത്തനം എന്നാലെന്ത്?

14. താഴെ പറയുന്ന സാങ്കേതികപദങ്ങൾക്ക് അനുയോജ്യമായ മലയാള രൂപങ്ങൾ കണ്ടെത്തുക
   (i) According to Order
   (ii) Assessed Value

15. ഭരണഭാഷയുടെ വിവർത്തനത്തിൽ പ്രായോഗികമായി കടന്നുവരുന്ന പ്രശ്നങ്ങൾ ഏതൊക്കെ തലത്തിലാണ് ദൃശ്യമാകുന്നത്?

16. യന്ത്രവിവർത്തനം എന്നാലെന്ത്?

17. ഇംഗ്ലീഷിലെ പ്രയോഗത്തിന് തുല്യമായ മലയാളം തർജ്ജമകൾ കണ്ടെത്തുക.
   (i) to lend a helping hand
   (ii) to touch ones heart

18. Mother brought him coffee. By the time he finished drinking it, the secretariat van came and unloaded two black boxes full of files.
   - മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.





Scanned with CamScanner

19. താഴെ പറയുന്ന പഴഞ്ചൊല്ലുകൾക്ക് തത്തുല്യമായ ഇംഗ്ലീഷ് കണ്ടെത്തുക.

(i) മിന്നുന്നതെല്ലാം പൊന്നല്ല

(ii) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

20. മാത്യു ആർനോൾഡിന്റെ പണ്ഡിത സ്വീകൃതി സിദ്ധാന്തമെന്നാലെന്ത്?

21. ഒരു മാതൃകാ വിവർത്തനത്തിനാവശ്യമായ മൂന്നു ഗുണങ്ങളേവ?

22. ഒരു വിവർത്തകനു വേണ്ടുന്ന യോഗ്യതകൾ എന്തൊക്കെയെന്ന് ചർച്ച ചെയ്യുക.

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

23. നമ്മുടെ നിത്യാതിഥിയായ വർത്തമാനപത്രം വിവർത്തനോപജീവിയാണ് - ഈ നിരീക്ഷണത്തിന്റെ സാംഗത്യമെന്ത്?

24. സാഹിത്യവിവർത്തനത്തിലെ വെല്ലുവിളികൾ എന്തെല്ലാമാണ്?

25. മലയാളത്തിലെ വിവർത്തനചരിത്രം സംഗ്രഹിക്കുക.

26. താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

(i) To forgive is better than to take revenge.

(ii) Don't talk much while you are eating.

(iii) We eat in order that we may live.

(iv) There must be some reason for it.

27. വിവർത്തനത്തിനാവശ്യമായ ഉപകരണങ്ങളെ കുറിച്ച് എൻ.വി. കൃഷ്ണവാര്യരുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

28. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു', ബാല്യകാലസഖിയെക്കാൾ വിവർത്തകനെ വലയ്ക്കുന്ന കൃതിയാണെന്ന് പറയാൻ കാരണമെന്ത്?

29. പ്രയോഗവിശേഷങ്ങൾ എന്നാലെന്ത്?



Scanned with CamScanner

30. ശീലിച്ചു നീയുമിതുമാതിരി യാത്ര മുന്നം
മേലാലുമാമിതു പതിക്കു ജയം വരുമ്പോൾ
കാലക്രമത്തിനുരുൾ ചക്രമതിന്റെയാര-
ക്കാലെന്ന പോലെ മറിയുന്നു മനുഷ്യഭാഗ്യം

എ.ആറിന്റെ ഈ വിവർത്തനം മൂലത്തിനോട് ചേർന്നു നില്ക്കുന്ന ഒന്നാണോ? വിലയിരുത്തുക.

31. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

Why did you choose India? And of all places in India, why this hell-hole, Calcutta? (I asked Mother Teresa)
She let a gentle smile come over her face. "India was a missionary country. I was sent here. And I love the people of Calcutta. They have a warmth which you don't see anywhere else". She told me of an experience which made the people of Calcutta so lovable. "During the floods last year I was bringing victims to places of shelter. A lady who had never known me brought me hot food in her car. Where else in the world do you come across people like that." It is obvious that Mother Teresa would have gone to any country to which she was sent with same unquestioning obedience and worked with the same enthusiasm, for the people amongst whom she had to live. Since she was sent to India, she assiduously Indianized herself.

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

32. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ വിവർത്തനത്തിന്റെ പങ്ക് വിശദീകരിക്കുക.

33. വിവർത്തനമെന്നാലെന്ത്? വിവിധങ്ങളായ വിവർത്തനരീതികളെ പരിചയപ്പെടുത്തുക.

34. സാങ്കേതികപദങ്ങളുടെയും ഭരണഭാഷാപദങ്ങളുടെയും മാധ്യമഭാഷയുടെയും വിവർത്തനത്തിൽ നേരിടാവുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്? ചർച്ച ചെയ്യുക.

35. സർഗ്ഗാത്മകസാഹിത്യവിവർത്തനത്തിന്റെ സൗന്ദര്യാംശങ്ങളെയും സാംസ്കാരികാംശങ്ങളെയും തന്നിരിക്കുന്ന വിശദപഠനങ്ങളെ മുൻനിർത്തി അപഗ്രഥിക്കുക.

**(2 × 15 = 30 Marks)**



Scanned with CamScanner